ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ബഡ്ഡറിൽ കൊള്ളിക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. എ. കെ പാച്ചുപിള്ള: കഴിഞ്ഞ ബഡ്ജറ്റ് ഫാജറാക്കിയതിനു ശേഷം അതിനിടക്ക ആരേയും നിയമിച്ചിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. സി കേശവൻ: നിയമിച്ചിട്ടുണ്ടെങ്കിൽതന്നെ ബഡ്ജറിൽ പ്രൊവിഷൻകാണും.

ആശുപത്രിയിലെ രോഗികളുടെ ക്ഷേമം

*൧൭൭. (൩) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ പ്രദേശത്തു ആശുപത്രികളിൽ എഴ ഔൺസ് അരിയും ൨ ഔൺസ് മറ്റു ധാന്യങ്ങളും അനുവദിച്ചിരുന്നപ്പോൾ കൊച്ചി വിഭാഗത്തിൽ ൬ ഔൺസ് അരിയും ൪ ഔൺസ് മറ്റു ധാന്യങ്ങളും കൊടുത്തുകൊണ്ടിരുന്നതിന്റെ കാരണമെന്താണെന്നു പറയാമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ)

തിരുവിതാംകൂറിലെ ആശുപത്രികളിൽ ൭ ഔൺസ് അരിയും ൨ ഔൺസ് മറ്റു ധാന്യങ്ങളുമാണ് കൊടുത്തുകൊണ്ടിരുന്നതു് എന്നു പറയുന്നതു ശരിയല്ല. ൪ മാസത്തിനു മൻപുതന്നെ ആശുപത്രികളിൽ ൬ ഔൺസ് അരിയും ൨ ഔൺസ് മറ്റു ധാന്യങ്ങളും കൊടുക്കുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളതു്. എന്നാൽ കൊച്ചിയെസംബന്ധിച്ചിടത്തോളം ചോദ്യത്തിൽ വിവരിക്കുന്ന അളവു് അതിനു മൻപുതന്നെ കൊടുത്തുവന്നിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊച്ചിയിൽ കൂടുതൽ കൊടുക്കാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: മൻപു ഇവിടെ ൬ ഔൺസും ൨ ഔൺസും ആക്കിയതിനു മൻപുതന്നെ കൊച്ചിയിൽ കൂടുതലാണ് കൊടുത്തുകൊണ്ടിരുന്നതു്. ആ വ്യവസ്ഥ തുടൻപോയെന്നേയുള്ളൂ.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ വ്യവസ്ഥ കൊച്ചിയിൽ നിവർത്തിലാക്കാതെ പരിപാലിച്ചുകൊണ്ടുപോയതു് എന്തു ഉദ്ദേശത്തോടുകൂടിയാണു്?

ശ്രീ. എ. ജെ. ജാൺ: ഒരു ഉദ്ദേശവുമില്ല. പക്ഷെ കൊച്ചി കൊച്ചിയും, തിരുവിതാംകൂർ തിരുവിതാംകൂറുമായിരുന്നു എന്നുള്ള വ്യത്യാസം മാത്രം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ൬ ഔൺസ്വീതം കൊച്ചിയിലുള്ള എല്ലാ ആശുപത്രികളിലും കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു് എന്നാണറിയുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വ്യത്യസ്ഥപ്പെട്ടനില എന്നുമുതല്ക്കാണു് ആരംഭിച്ചതു്?

ശ്രീ. എ. ജെ. ജാൺ: കൊച്ചിയിൽ വളരെകാലംമുമ്പു് മുതല്ക്ക ഈ രീതിയിലായിരുന്നു. കഴിഞ്ഞ ൪-൫ മാസങ്ങളായി തിരുവിതാംകൂറിലെ റേറ് കൂട്ടുകയാണുചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: സംയോജനം മുതൽ എത്രകാലം ഈ വ്യത്യാസം നിലനിന്നു?

ശ്രീ. എം. ജെ. ജാൺ: സംയോജനത്തിനു മുൻപുതന്നെ ഈ വ്യത്യാസം അവിടെ ഉണ്ടായിരുന്നു. അതുകൊണ്ടാണു് തുടർന്നതു്.

ശുദ്ധജലം

*൨൨൭൨. (൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) കൂട്ടനാട്ടിലെ നിവാസികൾക്കു് ശുദ്ധജലം കിട്ടുന്നതിനു് എന്തെങ്കിലും ചെയ്യണമെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ;

(ബി) അതിലേക്കു വല്ല പദ്ധതിയും ഗവൺമെൻറിൻറെ മുമ്പാകെയുണ്ടോ;

(സി) കൂട്ടനാട്ടിൽ കിണറുകൾ കുഴിപ്പിച്ചാൽ ശുദ്ധജലം കിട്ടുമോയെന്നു ഗവർമ്മെൻറു വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി) കൂട്ടനാട്ടിൽ ശുദ്ധജല ദൌർലഭ്യം പരിഹരിക്കുന്നതിനു കുഴൽ കിണറുകൾ കുഴിക്കണമെന്നു ഗവർമ്മെൻറു ഉദ്ദേശിക്കുന്നു. പരീക്ഷണാർത്ഥം കുമരകം, കൈനകരി ഈ സ്ഥലങ്ങളിൽ ഓരോ കിണർ കുഴിക്കുന്നതിനു ഗവർമ്മെൻറു അനുവദിച്ചിട്ടുണ്ടു്.

(സി) മങ്കൊമ്പിൽ പരീക്ഷണാർത്ഥം ഒരു കുഴൽകിണർ കുഴിച്ചുനോക്കി. അതു് ഫലപ്രദമായില്ല. കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു.

ശ്രീമതി ദേവകി ഗോപിദാസ്: കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു എന്നുപറഞ്ഞതു് എന്നത്തേക്കു നടപ്പിൽ വരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വകക്കു് രണ്ടുതരത്തിലുള്ള യന്ത്രങ്ങളുടെ ആവശ്യമുണ്ടു്. ആ യന്ത്രങ്ങൾ വരുത്തുന്നതിനായിട്ടു ൧൫,൦൦൦ ഡാളർ കൊടുത്തിട്ടുമുണ്ടു്. അതു വന്നുകഴിഞ്ഞാൽ ആ ജോലി തുടങ്ങുന്നതായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൂട്ടനാട്ടിൽ ഒരുകാലത്തും ശുദ്ധജലം കിട്ടുകയില്ലെന്നു ഗവർമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൂട്ടനാട്ടിൽ പല സ്ഥലങ്ങളെസംബന്ധിച്ചും ശുദ്ധജലംകിട്ടാൻ വിഷമംതന്നെ.

ശ്രീമതി ദേവകി ഗോപിദാസ്: ശുദ്ധജലം കിട്ടാത്തതുകൊണ്ടു ആ സ്ഥലങ്ങളിൽ കാളറ, മസൂരി മുതലായ പകർച്ചവ്യാധികൾ പകരുന്നതിനു എളുപ്പമുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പകർച്ചവ്യാധികൾ ഉണ്ടാകുന്നതിനും പകരുന്നതിനും ഇതൊരു കാരണമായേക്കാം.

ശ്രീ. എം. കെ. പാച്ചുപിള്ള: കുഴൽ കിണർ സംബന്ധിച്ചു ഏതു വിദഗ്ദ്ധനാണു് ഗവർമ്മെൻറിനു ഉപദേശം നല്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനായിട്ടു ഒരു എൻജിനീയരെ വരുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly